**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 876** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂട് മത്സ്യ കൃഷിക്കുള്ള സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കനോലി കനാലിലും പെരിയാറിന്റെ കൈവഴിയായ കാഞ്ഞിരപ്പുഴയിലും മത്സ്യം വളർത്തുന്നതിനാവശ്യമായ കൂട്ട മൽസ്യ കൃഷി നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**<u>മറുപടി:</u>** കനോലി കനാലിലും പെരിയാറിന്റെ കൈവഴിയായ കാഞ്ഞിരപ്പുഴയിലും മത്സ്യം വളർത്തുന്നതിനാവശ്യമായ കൂട്ട മൽസ്യ കൃഷി നിലനിൽക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കനോലി കനാൽ (താന്ന്യം, ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, മണലൂർ) - 30

2) കനോലി കനാൽ (പെരിഞ്ഞാനം, മതിലകം, എസ്.എൻ. പുരം) - 30

3) കാഞ്ഞിരപ്പുഴ - 100

4) കനോലി കനാൽ (നാട്ടിക) - 1

5) കനോലി കനാൽ (ചാലക്കുടി) - 18

**(ബി)** കഴിഞ്ഞ 10 വർഷക്കാലയളവിൽ എന്തെല്ലാം സഹായങ്ങളാണ് കൂട് മത്സ്യകൃഷിക്ക് നൽകിവന്നിരുന്നതെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) ജനകീയ മത്സ്യകൃഷി (JMK) എന്നീ പദ്ധതികളിലൂടെ കൂട് മത്സ്യകൃഷിക്ക് കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

PMMSY 2021-22, 2023-24, 2024-25 എന്നീ വർഷങ്ങളിലായി കൂട് മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്. PMMSY മാനദണ്ഡ പ്രകാരം യൂണിറ്റ് കോസ്റ്റ് 3 ലക്ഷം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ ജനറൽ കാറ്റഗറിക്ക് 40% സബ്സിഡിയും, എസ്.ടി എന്നീ കാറ്റഗറിക്ക് / എസ്.സി സ്ത്രീ കർഷകർക്ക് 60% സബ്സിഡിയുമാണ് നൽകി വരുന്നത്. PMMSY - Climate Resilient Coastal Fishermen Villages (CRCFV) പദ്ധതിയിലുൾപ്പെടുത്തി എടവനക്കാട് ഞാറക്കൽ മത്സ്യഗ്രാമങ്ങളിൽ കൂട് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലായി JMK സ്കീമിൽ അടിസ്ഥാന സൗകര്യമുൾപ്പെടെ 3 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന പദ്ധതിയിൽ 1.2 ലക്ഷം രൂപ

സബ്സിഡിയായി നൽകി വരുന്നു. 2022-23, 2023-24, 2024-25 കാലയളവിൽ ടി പദ്ധതിക്ക് Input only category യിൽ 70% സീഡ് സബ്സിഡി 40% ഫീഡ് സബ്സിഡി ധനസഹായം നൽകിയിരുന്നു.

2020-21 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 39 എണ്ണം കൂട് മത്സ്യകൃഷിക്കായി JMK പദ്ധതിയിൽ 22,81,964/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 20 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി PMMSYപദ്ധതിയിൽ 27,59,832/- രൂപയും JMK പദ്ധതിയിൽ 80 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി 65,66,232/- രൂപയും സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

2022-23 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 67 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി JMK പദ്ധതിയിൽ 34,29,400/-രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 13 എണ്ണം കൂട് മത്സ്യകൃഷിയായി PMMSY പദ്ധതിയിൽ 19,20,000/- രൂപയും 107 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി JMK പദ്ധതിയിൽ 84,57,513/- രൂപയും സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

2024-25 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 6 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി PMMSY പദ്ധതിയിൽ 7,20,000/- രൂപയും 42 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി JMK പദ്ധതിയിൽ 25,89,823/- രൂപയും സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

2025-26 കാലയളവിൽ കനോലി കനാൽ, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലെ 80 എണ്ണം കൂട് മത്സ്യകൃഷിയ്ക്കായി JMK പദ്ധതിയിൽ 43,02,320/- രൂപയും സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ മലമ്പുഴ ഡാമിലും പോത്തുണ്ടി ഡാമിലും കൂട് മത്സ്യകൃഷി നടപ്പിലാക്കിയിരുന്നു. മലമ്പുഴ ഡാമിൽ RKVY ധനസഹായത്തോടെ 6m x 4m x 4m വലിപ്പത്തിലുള്ള 72 HDPE മത്സ്യവളർത്ത് കൂടുകൾ 2018-ൽ FIRMA സ്ഥാപിച്ചിരുന്നു. FIRMA ലിക്വിഡേഷൻ നടപടി നേരിട്ടപ്പോൾ 2019 -ൽ ടി ഭൗതിക ആസ്തികൾ മലമ്പുഴ FFDA ഏറ്റെടുത്ത് കൃഷി മുന്നോട്ട് കൊണ്ടു പോയിരുന്നു. പദ്ധതിയുടെ ഭാഗമായി മലമ്പുഴ ഡാമിലെ മത്സ്യത്തൊഴിലാളികളിൽ നിന്നും തിരഞ്ഞെടുത്ത 15 അംഗങ്ങൾക്ക് കൂട് മത്സ്യകൃഷി നടപ്പിലാക്കുന്നതിനു വേണ്ട പ്രത്യേക സാങ്കേതിക പരിശീലനം FIRMA നൽകിയിരുന്നു. കൂടുകൾ സ്ഥാപിച്ചതിനു ശേഷം കൃഷിക്ക് ആവശ്യമായ GIFT മത്സ്യവിത്തുകൾ മത്സ്യ തീറ്റ എന്നിവ പദ്ധതിയുടെ ഭാഗമായി നൽകിയിരുന്നു. കൂടാതെ മത്സ്യകൃഷിയുടെ ആവശ്യങ്ങൾക്ക് സേവനം നൽകിയ മത്സ്യത്തൊഴിലാളികൾക്ക് കൃത്യമായ ദിവസവേതനം അനുവദിച്ചു നൽകിയിരുന്നു. 2019-20 കാലയളവിൽ 1-ാം ഘട്ട കൃഷിയും 2021-23 -ൽ രണ്ടാംഘട്ട കൃഷിയും പൂർത്തീകരിച്ചു. കൃഷിയുടെ വിറ്റുവരവിൽ നിന്നും ചിലവുകൾ കഴിഞ്ഞുള്ള 35.6 ലക്ഷം രൂപ കൂട് മത്സ്യകൃഷിയുടെ ആവശ്യങ്ങൾക്കായി തുടങ്ങിയ പാലക്കാട് ജില്ലാ ട്രഷറിയിലെ ടി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരിപ്പായി സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ കൂട് മത്സ്യകൃഷിയുടെ ആസ്തികൾ മത്സ്യത്തൊഴിലാളികൾക്ക് മാറിയിട്ടില്ല. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം കൂട് മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് നിർമ്മാണത്തിനായി പ്രോജക്ട് കോസ്റ്റിന്റെ 40 ശതമാനം സബ്സിഡി നൽകിയിരുന്നു. സൗജന്യമായി സീഡ് 40 ശതമാനം സബ്സിഡിയോടുകൂടി ഫീഡ് എന്നിവ നൽകി വരുന്നു.

**(സി)** കൂട് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വലിയ പദ്ധതികൾ ആവിഷ്കരിക്കാനും ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

**<u>മറുപടി:</u>** കൂട് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ JMK, PMMSY പദ്ധതികളിലായി കൂട് കൃഷിക്കും മത്സ്യകുഞ്ഞുങ്ങൾക്കും തീറ്റയ്ക്കുമായി സബ്‌സിഡി നൽകി വരുന്നു. കൂടാതെ Capacity building programme എന്ന ഓൺലൈൻ ട്രെയിനിംഗിൽ കൂട് മത്സ്യകൃഷിയും സാധ്യതകളും എന്ന വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. തുടർന്നും കൂട് മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

**(ഡി)** അപ്രതീക്ഷിത സാഹചര്യങ്ങളാലോ ജലമലിനീകരണം മൂലമോ ഇത്തരം കൂടുകൃഷികൾക്ക് നഷ്ടം സംഭവിച്ചാൽ എന്തെല്ലാം സഹായങ്ങൾ ആണ് നൽകിവരുന്നത് ; വിശദമാക്കാമോ?

**<u>മറുപടി:</u>** അപ്രതീക്ഷിതമായ സാഹചര്യങ്ങളാലോ ജലമലിനീകരണം മൂലമോ കൂട് മത്സ്യകൃഷിക്ക് നഷ്ടം സംഭവിച്ചാൽ നിലവിൽ CMO Portal വഴി നഷ്ടപരിഹാരത്തിന് അപേക്ഷ നൽകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**